ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ

# കുഷ്ഠരോഗം- സംശയങ്ങൾക്കുള്ള ഉത്തരങ്ങൾ

## 1. കുഷ്ഠരോഗം നമ്മുടെ നാട്ടിൽ ഇപ്പോഴും ഉണ്ടോ ?

ഉത്തരം : ഉണ്ട്, കോടിക്കണക്കിനു മനുഷ്യരുടെ അംഗവൈകല്യത്തിനും സാമൂഹിക ബഹിഷ്ക്കരണത്തിനും കാരണമായ കുഷ്ഠരോഗം നിർമ്മാർജ്ജനത്തിന്റെ വക്കിലാണ്. നമ്മുടെ സംസ്ഥാനത്തെ രോഗികളുടെ എണ്ണം ഒരു ലക്ഷം ജനസംഖ്യയ്ക്ക് ഒന്ന് ആയി കുറയ്ക്കാൻ കഴിഞ്ഞുവെങ്കിലും സമൂഹത്തിൽ നിന്ന് രോഗാണുവിനെ പൂർണ്ണമായി ഇല്ലാതാക്കാൻ കഴിഞ്ഞിട്ടില്ല.

## 2. കുഷ്ഠരോഗ ലക്ഷണങ്ങൾ എന്തെല്ലാമാണ് ?

ഉത്തരം : തൊലിപ്പുറത്തു കാണുന്ന സ്പർശനശേഷി കുറഞ്ഞ, നിറം മങ്ങിയതോ ചുവന്നതോ ആയ പാടുകൾ, തടിപ്പുകൾ, തടിച്ചതും തിളക്കമുള്ളതുമായ ചർമ്മം, വേദനയില്ലാത്ത വ്രണങ്ങൾ, കൈകാലുകളിലെ മരവിപ്പ്, വൈകല്യം, കണ്ണടയ്ക്കുന്നതിനുള്ള പ്രയാസം എന്നിവ കുഷ്ഠരോഗ ലക്ഷണങ്ങളാകാം.

## 3. എങ്ങനെയാണ് രോഗമുണ്ടാകുന്നത് ?

ഉത്തരം : ശരീരത്തിൽ പ്രവേശിക്കുന്ന രോഗാണുക്കൾ അവയ്ക്ക് വളരുന്നതിനും പെരുകുന്നതിനും അനുയോജ്യമായ ഒരു സ്ഥലം കണ്ടുപിടിക്കുന്നു. ഇവയുടെ വളർച്ചയും പെരുകലും നിയന്ത്രിച്ചില്ലെങ്കിൽ അത് രോഗമുണ്ടാക്കുന്നു. അതേസമയം, നമ്മുടെ ശരീരത്തിന്റെ പ്രതിരോധ വ്യവസ്ഥ രോഗാണുക്കളുടെ വ്യാപനം ചെറുക്കുകയും അവയുടെ വളർച്ചയും പെരുകലും മൂലം രോഗമുണ്ടാകുന്നത് തടയുകയും ചെയ്യുന്നു. ശരീരത്തിന്റെ പ്രതിരോധശേഷി കുറയുമ്പോഴാണ് നമുക്ക് രോഗം ഉണ്ടാകുന്നത്.

## 4. രോഗപ്രതിരോധശേഷി / ശരീരത്തിന്റെ പ്രതിരോധം എന്നാൽ എന്താണ് ?

ഉത്തരം : അണുബാധയെ ചെറുക്കുന്നതും രോഗം വരുന്നതിനുള്ള കാര്യകാരണങ്ങളെ പ്രതിരോധിക്കുന്നതുമാണ് രോഗപ്രതിരോധശേഷി/ശരീരത്തിന്റെ പ്രതിരോധം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. അണുബാധയെ ചെറുക്കുന്നതിനു മാത്രമായി നമ്മുടെ ശരീരത്തിൽ കോശങ്ങളുണ്ട്. അപകടകാരികളായ അണുക്കളെ തിരിച്ചറിയുന്നതിനും വിഴുങ്ങുന്നതിനും ദഹിപ്പിക്കുന്നതിനും നശിപ്പിക്കുന്നതിനുമുള്ള കഴിവ് ഈ കോശങ്ങൾക്കുണ്ട്. ഈ കോശങ്ങളും അവയ്ക്കുള്ള കഴിവുകളും കാരണം നമ്മുടെ ശരീരത്തിന് കുഷ്ഠരോഗം ഉൾപ്പെടെയുള്ള അപകടകാരികളായ അണുക്കൾക്കും ബാക്ടീരിയകൾക്കും എതിരെ പ്രതിരോധം സൃഷ്ടിക്കാൻ കഴിയുന്നു.

നിങ്ങളെപ്പോഴെങ്കിലും നിങ്ങളുടെ ചുറ്റിലുമുള്ള എല്ലാവർക്കും എല്ലാ അസുഖങ്ങളും പിടിപെട്ടതായി കണ്ടിട്ടുണ്ടോ?

എല്ലാവർക്കും ചുമയും മൂക്കൊലിപ്പുമില്ലല്ലോ. അതുപോലെ വയറിളക്കവും നിർജ്ജലീകരണവും എല്ലാവർക്കും ഉണ്ടാകുന്നില്ല. അതുപോലെത്തന്നെയാണ് കുഷ്ഠരോഗവും. നമ്മുടെ ശരീരം വ്യത്യസ്ത അണുബാധകളോട് വ്യത്യസ്ത രീതിയിൽ പ്രതികരിക്കുന്നു എന്നാണ് അതിനർത്ഥം. അണുബാധകളെ ചെറുക്കുന്നതിന് ഓരോ മനുഷ്യനുമുള്ള ശേഷിയെ ആശ്രയിച്ചിരിക്കും ഇത്. ഇതിനെയാണ് രോഗപ്രതിരോധശേഷി, ശരീരത്തിന്റെ പ്രതിരോധം എന്നെല്ലാം നാം വിളിക്കുന്നത്.

ഓരോ രോഗത്തെയും ചെറുക്കുന്നതിനുള്ള ശേഷി മനുഷ്യശരീരത്തിലെ ഓരോ കോശത്തിനും വ്യത്യസ്ത രീതിയിലായിരിക്കും. ഉദാഹരണത്തിന് ജലദോഷം ചെറുക്കുന്നതിനുള്ള ശേഷി ചിലരിൽ വളരെ കൂടുതലായിരിക്കും. എന്നാൽ മറ്റു ചിലരിൽ ഇതു കുറവായിരിക്കുകയും അത്തരക്കാർക്ക് പെട്ടെന്ന് ജലദോഷം പിടിപെടുകയും ചെയ്യും.

## 5. എന്തുകൊണ്ടാണ് എല്ലാവർക്കും കുഷ്ഠരോഗം വരാത്തത് ?

ഉത്തരം : കുഷ്ഠരോഗമുണ്ടാക്കുന്ന അണുക്കളെ ചെറുക്കുന്നതിനുള്ള ഓരോ വ്യക്തിയുടെയും ശേഷി വ്യത്യസ്തമായതിനാലാണ് ഇത്. 95-99% ആളുകൾക്കും കുഷ്ഠരോഗാണുക്കളെ ചെറുക്കുന്നതിനുള്ള കഴിവുണ്ടെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. 1-5% ആളുകൾക്ക് മാത്രമേ ഈ രോഗം ഉണ്ടാകുന്നതിനു സാധ്യതയുള്ളു എന്നാണ് അതിന്റെ അർത്ഥം. മൈക്കോബാക്ടീരിയം ലെപ്രെ എന്ന രോഗാണുവാണ് കുഷ്ഠരോഗം പരത്തുന്നത്. ഇത് പ്രധാനമായും പുറമെയുള്ള നാഡികൾ, ത്വക്ക്, ശരീരത്തിലെ മറ്റ് അവയവങ്ങൾ എന്നിവയെയാണ് ബാധിക്കുന്നത്. യഥാസമയം ചികിത്സ ആരംഭിക്കാത്തത് വൈകല്യങ്ങൾക്ക് കാരണമാകുന്നു.

## 6. കുഷ്ഠരോഗം ബാധിച്ച ഒരാളോടൊപ്പം താമസിക്കുന്നതിന് പ്രശ്നമുണ്ടോ ?

ഉത്തരം : ഈ രോഗം വളരെ സാവധാനത്തിൽ മാത്രമേ പകരൂ. പക്ഷേ, രോഗം ബാധിച്ചയാൾ തീർച്ചയായും കൃത്യമായി മരുന്നുകൾ കഴിക്കണം (മൾട്ടി ഡ്രഗ് തെറാപ്പി).

## 7. കുഷ്ഠരോഗം ബാധിച്ചയാളുടെ കുട്ടികൾക്ക് ഈ രോഗം പകരുന്നതിനു സാധ്യതയുണ്ടോ ?

ഉത്തരം : കുഷ്ഠരോഗം പാരമ്പര്യം വഴി ഉണ്ടാകുന്ന രോഗമല്ല. പക്ഷേ രോഗം ബാധിച്ച വ്യക്തിയിൽ നിന്ന് വായുവിലൂടെ രോഗം പകരാം.

## 8. കുഷ്ഠരോഗം ബാധിച്ചയാളെ വീട്ടിൽത്തന്നെ ചികിത്സിക്കാമോ ?

ഉത്തരം : തീർച്ചയായും, വീട്ടിൽത്തന്നെ ചികിത്സിക്കുന്നതാണ് നല്ലത്.

## 9. കുഷ്ഠരോഗത്തിന് എത്രകാലം ചികിത്സ ആവശ്യമാണ് ?

ഉത്തരം : രോഗത്തിന്റെ സ്വഭാവമനുസരിച്ച് ആറുമാസമോ ഒരു വർഷമോ ചികിത്സിച്ചാൽ മതിയാകും.

## 10. കുഷ്ഠരോഗം വഴിയുണ്ടാകുന്ന വൈകല്യങ്ങൾ ചികിത്സിച്ച് ഭേദമാക്കാനാകുമോ ?

ഉത്തരം : കഴിയും, എം.ഡി.റ്റി. വഴിയുള്ള ചികിത്സ പൂർത്തിയായതിനു ശേഷം റീ കൺസ്ട്രക്ടീവ് തെറാപ്പി വഴി വൈകല്യങ്ങൾ ചികിത്സിച്ച് ഒരു പരിധിവരെ ഭേദമാക്കാൻ കഴിയും.

## 11. ഒരു കുഷ്ഠരോഗിയെ സമൂഹം അംഗീകരിക്കുമോ ?

ഉത്തരം : എന്തുകൊണ്ടില്ല? കുഷ്ഠരോഗം പകരുന്നതിനുള്ള സാധ്യത വളരെ കുറവാണെന്ന് മാത്രമല്ല, വളരെ ഫലപ്രദമായ മൾട്ടിഡ്രഗ് തെറാപ്പിയിലൂടെ രോഗം ചികിത്സിച്ചു ഭേദമാക്കാനും സാധിക്കും. എം.ഡി.റ്റി.യുടെ മൂന്ന് ഡോസ് കൃത്യമായി സ്വീകരിച്ചു കഴിഞ്ഞാൽ ആ രോഗിയിൽ നിന്ന് പിന്നീട് രോഗം പകരില്ല. നേരത്തേ രോഗം കണ്ടുപിടിച്ച് ചികിത്സ ആരംഭിച്ചാൽ വൈകല്യങ്ങൾ ഒഴിവാക്കാൻ സാധിക്കും.

### 12. കുഷ്ഠരോഗം ബാധിച്ചവർക്ക് ജോലി ചെയ്യാൻ സാധിക്കുമോ ?

ഉത്തരം : തീർച്ചയായും, ചികിത്സ ആരംഭിക്കുകയും കൃത്യമായി മരുന്ന് കഴിക്കുകയും, ചെയ്തിട്ടുണ്ടെങ്കിൽ കുഷ്ഠരോഗം ബാധിച്ച ഒരാളുടെ കൂടെ ജോലി ചെയ്യുന്നതിന് തടസ്സമില്ല.

### 13. കുഷ്ഠരോഗം ബാധിച്ചവർക്ക് പുനരധിവാസ കേന്ദ്രങ്ങളുണ്ടോ ?

ഉത്തരം : രാജ്യത്ത് പലയിടത്തും ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ തൊഴിലധിഷ്ഠിത പരിശീലനങ്ങൾ നൽകുന്നതിനു പുറമെ സാമ്പത്തിക പുനരധിവാസവും നൽകുന്നു.

### 14. കുഷ്ഠരോഗബാധ മൂലം വൈകല്യമുണ്ടായ ഒരാൾക്ക് ഭിന്നശേഷിക്കാർക്ക് ലഭിക്കുന്ന സൗകര്യങ്ങൾ ലഭിക്കുമോ ?

ഉത്തരം : ലഭിക്കും, സാമൂഹ്യനീതി വകുപ്പ് വഴി നൽകുന്ന സൗകര്യങ്ങൾ ഇവർക്കു ലഭിക്കും

